Malappuram District Police

**21/01/2018 പെരിന്തൽമണ്ണ**

കഞ്ചാവില്നിന്ന് വാറ്റിയെടുക്കുന്ന 925 ഗ്രാം ഹാഷിഷ് ഓയിലുമായി നാലുപേര് പെരിന്തല്മണ്ണയില് അറസ്റ്റില്. എറണാകുളം പനമ്പള്ളിനഗര് സ്വദേശി കരുവിലത്തുണ്ടില് കെ.ടി. അഖില്(28), എറണാകുളം നോര്ത്ത് പറവൂര് എടവനക്കാട് കളത്തില്പറമ്പില് ജോണ് ജോബി(32), പുലാമന്തോള് ചെമ്മലശ്ശേരി ബാങ്കുംപടി കളകണ്ടത്തില് പെരിയംതൊടി ഷെഫീഖ് അലി(26), ചെമ്മലശ്ശേരി തൊഴുത്തുംപടിക്കല് നിഖില് (23) എന്നിവരെയാണ് പ്രത്യേക അന്വേഷണസംഘം അറസ്റ്റു ചെയ്തത്.

തമിഴ്നാട്ടില്നിന്ന് ജില്ലയിലേക്ക് മയക്കുമരുന്ന് കടത്ത് കൂടിയ വിവരത്തെത്തുടര്ന്ന് ഒരുമാസത്തോളം പ്രധാന ടൗണുകള് പോലീസ് നിരീക്ഷിച്ചിരുന്നു. ഇതില് ലഭിച്ച മൊബൈല് നമ്പറുകള് സൈബര് സെല്ലിന്റെ സഹായത്തോടെ പിന്തുടര്ന്നാണ് നാലുപേരെയും പിടിച്ചത്. ഇവര് ഹാഷിഷ് ഓയിലുമായി പെരിന്തല്മണ്ണയിലെത്തിയ വിവരത്തെത്തുടര്ന്ന് ജൂബിലി റോഡ് ജങ്ഷനിലെച്ചാണ് കഴിഞ്ഞദിവസം ഉച്ചയോടെ അറസ്റ്റുചെയ്തത്.

തമിഴ്നാട്ടിലെ കമ്പം, തേനി, മധുര എന്നിവിടങ്ങളിലെ വില്പ്പനക്കാരാണ് കൂടുതലായും ഹാഷിഷ് കേരളത്തിലെത്തിക്കുന്നതെന്ന് പോലീസ് പറഞ്ഞു. കുമളി വഴിയാണ് ഇവര് ഹാഷിഷ് എത്തിച്ചത്. ഏജന്റുമാര് നേരിട്ടും ചില്ലറവില്പ്പനയ്ക്കായും കിലോക്കണക്കിന് ഹാഷിഷ് കേരളത്തിലെത്തിക്കുന്നുണ്ടെന്ന് പോലീസ് പറഞ്ഞു. വിപണിയില് 25 ലക്ഷം രൂപയാണ് കിലോഗ്രാമിന്

കച്ചവടക്കാര് ആവശ്യപ്പെട്ടിരുന്നതെന്ന് പ്രതികള് പോലീസിനോട് പറഞ്ഞു. ഇത് വിദേശ വിപണിയിലെത്തിയാല് തുക ഇരട്ടിയാകും. ഹാഷിഷ് വെയിലത്തുവെച്ച് ചൂടാക്കി ദ്രവരൂപത്തിലാക്കി സിഗരറ്റുകള് ഒ.സി.ബി., ഗില്റ്റ് പേപ്പറുകളിലുംവെച്ചാണ് ഉപയോഗിക്കുന്നത്.

പെരിന്തൽമണ്ണ ഡിവൈ.എസ്.പി. എം.പി. മോഹചന്ദ്രന്, ഇന്സ്പെക്ടര് ടി.എസ്. ബിനു, ടൗണ് ഷാഡോ പോലീസിലെ ഉദ്യോഗസ്ഥരായ പി.എന്. മോഹനകൃഷ്ണന്, സി.പി. മുരളി, എന്.ടി. കൃഷ്ണകുമാര്, എം. മനോജ്, ദിനേശ്, അനീഷ്, വിനോജ്, അജീഷ്, പ്രദീപ്, ടി. രത്നാകരന്, സുകുമാരന്, ജയമണി എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.